## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1676** — **15.02.2016-ൽ മറുപടിക്ക്**

### ക്ഷേമപെൻഷൻ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | ക്ഷേമ പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു മാസം ക്ഷേമ പെൻഷനുകൾ നൽകാൻ എന്ത് തുക ആവശ്യമാണ്; | (എ) | 243.43 കോടി രൂപ |
| (ബി) | ഏതെല്ലാം ക്ഷേമപെൻഷനുകൾ എല്ലാ മാസവും യഥാസമയം നൽകുവാൻ സാധിച്ചിട്ടുണ്ട് ; | (ബി) | പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ ഡിബിടി സെൽ മുഖേന വിതരണം ചെയ്യുന്ന 2015 ഡിസംബർ മാസം വരെയുള്ള എല്ലാ ക്ഷേമ പെൻഷനുകളും നൽകിയിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്. |
| (സി) | എത്രപേർക്ക് അർഹമായ എത്ര കോടി രൂപയുടെ ക്ഷേമപെൻഷനുകൾ 2016 ജനുവരി 30-ന് കുടിശ്ശികയാ യുണ്ടായിരുന്നു; | (സി) | 26.27 ലക്ഷം പേർക്കായി 1397.70 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. |
| (ഡി) | നിലവിൽ എത്ര പേർക്കുള്ള എത്ര മാസത്തെ പെൻഷനുകൾ കുടിശ്ശിക ആയിട്ടുണ്ട്; മൊത്തം കുടിശ്ശിക തുക എത്രയാണ്; | (ഡി) | വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ല. ആകെ കുടിശ്ശിക തുക 1397.70 കോടി രൂപ |
| (ഇ) | ക്ഷേമപെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പ് ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; നിലവിലുള്ള മൊത്തം കുടിശ്ശിക എന്നത്തേയ്ക്ക് നൽകാനാകും; | (ഇ) | ക്ഷേമ പെൻഷനുകൾ എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പ് കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുന്ന പ്രക്രിയ നടപ്പാക്കി വരുന്നതിനാൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് മുഖേന 2015 സെപ്റ്റംബർ മാസം മുതലുള്ള പെൻഷൻ വിതരണം നടത്താൻ സാധിച്ചിട്ടില്ല. 2015 സെപറ്റംബർ മുതൽ ഡിസംബർ വരെയുള്ള തുക ചെക്ക് മുഖേന നൽകയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | യഥാസമയം ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശികയാകുന്നത് നൽകുന്നതിന് ജില്ലകളിൽ മേളകൾ നടത്താൻ ഉദ്ദേശമുണ്ടോ; വിശദമാക്കുമോ ? | (എഫ്) | 2015 സെപ്തംബർ മുതൽ ഡിസംബർ വരെയുള്ള ക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ജില്ലാ തലത്തിൽ 2016 ഫെബ്രുവരി 6-ന് മേള നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ